പഞ്ചായത്തുകൾക്ക് നൽകുന്ന സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം

484. [599] ശ്രീ. ഉമ്മൻചാണ്ടി :
,, ടി. എച്ച്. മുസ്തഫ :
,, കെ. കെ. ശ്രീനിവാസൻ :
,, കെ. മുഹമ്മദാലി :
,, കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാമ്പ് ഡ്യൂട്ടി വിഹിതം പഞ്ചായത്തുകൾക്ക് നൽകുന്നതിന് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഇനത്തിൽ പഞ്ചായത്തുകൾക്ക് കുടിശ്ശിക നൽകാനുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രയും വേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് പ്രദേശത്തെ ഭൂമി കൈമാറുമ്പോൾ രജിസ്ട്രേഷൻ വകുപ്പ് ഈടാക്കുന്ന സർച്ചാർജിൽ നിന്നും 3% കളക്ഷൻ ചാർജ് കഴിച്ച് ഓരോ താലൂക്കിലും ലഭിക്കുന്ന തുകയുടെ 75% അതാതു താലൂക്കിലെ പഞ്ചായത്തുകൾക്ക് ജനസംഖ്യാനുപാതത്തിൽ വിതരണം ചെയ്യുന്നു. ബാക്കി വരുന്ന 25% തുക താലൂക്കിലെ പഞ്ചായത്തുകൾക്ക് അവയുടെ വിസ്തീർണ്ണം, വരുമാന മാർഗ്ഗങ്ങൾ, ഭരണച്ചെലവ്, ആവശ്യം എന്നീ കാര്യങ്ങൾ കണക്കിലെടുത്ത് വിതരണം ചെയ്യുന്നു.

(ബി) 31-3-1986, 30-6-1986 എന്നീ തീയതികളിലവസാനിച്ച രണ്ട് ത്രൈമാസങ്ങളിലെ വിഹിതം വിതരണം ചെയ്യാനുണ്ട്.

(സി) സ്വീകരിക്കാം.

ഏഴിന പരിപാടികൾ

485. [600] ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. സീതിഹാജി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറാം പദ്ധതിക്കാലത്ത് ആരംഭിച്ച ഏഴിന പരിപാടിയിൽ ഇതിനകം എത്ര തുക ചെലവഴിച്ചു ;

(ബി) എത്ര തോടുകളും കനാലുകളും നിർമ്മിച്ചു ;

(സി) എത്ര കമ്മ്യൂണിറ്റിഹാളും കല്യാണമണ്ഡപവും നിർമ്മിച്ചു ;

(ഡി) എത്ര മിനിസ്റ്റേഡിയം നിർമ്മിക്കാൻ സഹായം നൽകി ;

(ഇ) എത്ര കിലോമീറ്റർ റോഡ് പുതുതായി നിർമ്മിച്ചു ;

(എഫ്) എത്ര കിലോമീറ്റർ റോഡിന്റെ പുനരുദ്ധാരണ ജോലികൾ ഏറ്റെടുത്തു ;

LIBRARY ARCHIVES Kerala Legislative Assembly